സുനാമി നിധിയിൽ നിന്നും കുടിവെള്ള പദ്ധതിക്കായി വകയിരുത്തൽ

84 [271] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ നിധിയിൽനിന്നും ഒരു നിശ്ചിത ശതമാനം തുക തീരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ വേണ്ടി വിനിയോഗിക്കുവാൻ തയ്യാറാകുമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം ഗവൺമെന്റ് അന്തിമമായി തീരുമാനിച്ചിട്ടില്ല.

കുഴൽ കിണറുകൾ

85 [272] ശ്രീ. വി. ജെ. പൗലോസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. വി. ചന്ദ്രമോഹൻ:
,, ജോർജ്ജ് ജെ. മാത്യു:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുഴൽ കിണറുകളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഏതു കാലംമുതൽ നിർമ്മിക്കപ്പെട്ടവയാണ്;

(സി) ഇവയിൽ എത്രയെണ്ണത്തിൽനിന്നും എല്ലാക്കാലത്തും വെള്ളം കിട്ടുന്നുണ്ട്;

(ഡി) ഇവയുടെ കുടിയ താഴ്ച എത്രയാണ്;

(ഇ) വെള്ളം കിട്ടാത്തവയിൽ നിന്നും വെള്ളം കിട്ടുന്നതിനായി എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള കുഴൽ കിണറുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഭൂജലവകുപ്പ് ഏകദേശം 11556 കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 1976-1977 കാലയളവ് മുതലാണ് കുഴൽ കിണർ നിർമ്മിച്ചു തുടങ്ങിയത്.

(സി) ഭൂജലവകുപ്പ് നിർമ്മിച്ചിട്ടുള്ള കിണറുകളിൽ 95 ശതമാനം കിണറുകളിലും എല്ലാക്കാലത്തും ജലം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുഴൽ കിണറുകളുടെ ആഴം അവ നിർമ്മിക്കുന്ന പ്രദേശത്തിന്റെ ഭൂപ്രകൃതിയും ജലലഭ്യതയും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. കൊല്ലം, ആലപ്പുഴ ജില്ലകളിലെ ട്യൂബ് വെല്ലുകൾ ഏതാണ്ട് 200 മീറ്റർ ആഴത്തിലും പാലക്കാട് പോലെയുള്ള പാറപ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കാറുള്ളത് 150 മീറ്റർ ആഴത്തിലുമാണ്.

(ഇ) മഴയുടെ അളവ് കുറഞ്ഞതും അനിയന്ത്രിതമായ കുഴൽ കിണർ നിർമ്മാണവും ഭൂജല നിരപ്പും താഴുന്നതിന് കാരണമായിട്ടുണ്ട്. ഭൂജലവകുപ്പ് ഇതിലേയ്ക്കായി കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി എന്നിവയുടെ നടത്തിപ്പിലൂടെ ഭൂജല നിരപ്പ് ഉയർത്തി ഭൂജല ലഭ്യത വർദ്ധിപ്പിക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഭൂജല വകുപ്പ് സബ് സർഫസ് ഡൈക്കുകളും ചെക്ക് ഡാമുകളും കേന്ദ്ര സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്.

ബാവിക്കര റഗുലേറ്ററിന്റെ ഭരണാനുമതി

86 [273] ശ്രീ. ടി. സി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതിയോടനുബന്ധിച്ചിട്ടുള്ള ബാവിക്കര റഗുലേറ്ററിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും എന്നാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ; പുതിയ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പണി അരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പണി പൂർത്തീകരിക്കുമ്പോൾ എന്തു തുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറുകിട ജലസേചന വിഭാഗം കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്ന ബാവിക്കര റഗുലേറ്ററിന്റെ 21-5-2004-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ‌ടി.) 54/04/ജലവിഭവ പ്രകാരം 258 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഉത്തരവ് റ്റി.എസ്. നമ്പർ 6/സിഇ/04-05 (ഐ ആന്റ് എ) തീയതി 30-11-2004 പ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly